VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയായ കണ്ണൂർ ഗ്രീൻ ഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളനിർമ്മാണം അവസാനഘട്ടത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നുവെന്ന് ഈ സഭയെ അതിവിനയത്തോടും അഭിമാനത്തോടുംകൂടി അറിയിക്കുന്നു.

ഡി.ജി.സി.എ. അധികൃതർ 2016 ജനുവരി 30-ന് വിമാനത്താവളത്തിൽ വിശദമായ സാങ്കേതിക പരിശോധന നടത്തുകയുണ്ടായി. അതിനെത്തുടർന്ന് കോഡ്-ബി എയർക്രാഫ്റ്റ് ഉപയോഗിച്ച് ആദ്യ പരീക്ഷണ പറക്കൽ നടത്തുവാൻ കണ്ണൂർ വിമാനത്താവള കമ്പനിക്ക് അനുമതി ലഭിച്ചിരിക്കുകയാണ്. പ്രതിരോധ മന്ത്രാലയത്തിൽ നിന്നും എയർ ക്രാഫ്റ്റും ലഭ്യമായിട്ടുണ്ട്.

ഈ മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക്, ചരിത്രവും മിത്തും സംഗമിക്കുന്ന കണ്ണൂരിന്റെ ഹൃദയ ഭൂമിയിൽ ഒരു ജനതയുടെ സ്വപ്നം യാഥാർത്ഥ്യമാക്കിക്കൊണ്ട് ആദ്യ വിമാനം പറന്നിറങ്ങും. ഈ അസുലഭ മുഹൂർത്തം സാന്നിദ്ധ്യം കൊണ്ട് സമൃദ്ധമാക്കുവാൻ ബഹുമാന്യനായ നിയമസഭാ സാമാജികരെ മട്ടന്നൂരിലെ പുതിയ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് കേരള സർക്കാരിനുവേണ്ടി ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു. ലോകമെങ്ങുമുള്ള മലയാളികളുടെ ശ്രദ്ധ ഈ ചരിത്ര മുഹൂർത്തത്തിലേയ്ക്ക് ക്ഷണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിമാനത്താവള നിർമ്മാണത്തിന് 3 മുതൽ 5 വർഷം വരെ സാധാരണ ഗതിയിൽ വേണ്ടിവരും. എന്നാൽ എല്ലാ മുൻകാല റിക്കാർഡുകളും ഭേദിച്ചാണ് കണ്ണൂർ എയർപോർട്ട് നിർമ്മാണം പുരോഗമിച്ചത്. 1892 കോടി രൂപയാണ് പദ്ധതിയുടെ ചെലവ്. രണ്ട് ഘട്ടങ്ങളിലായാണ് കണ്ണൂർ വിമാനത്താവള വികസനം നടപ്പിലാക്കുന്നത്. ഒന്നാംഘട്ട പ്രവർത്തങ്ങൾ 2016-17 മുതൽ 2025-26 വരെയും രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ 2026-27 മുതൽ 2045-46 വരെയുമാണ് ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടത്തിൽ പ്രധാന റൂട്ടുകളായ യു.എ.ഇ, കുവൈറ്റ്, സൗദി അറേബ്യ, ഹോങ്കോംഗ്, സിംഗപ്പൂർ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിലെ പ്രധാന എയർ ക്രാഫ്റ്റുകൾക്ക് എത്തിച്ചേരുന്നതിനുള്ള സൗകര്യം ഒരുക്കുന്നതായിരിക്കും. വിവിധ കോണുകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശം പരിഗണിച്ച് ഒന്നാം ഘട്ടത്തിൽത്തന്നെ റൺവേയുടെ നീളം 3400 മീറ്ററായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പാസഞ്ചർ ടെർമിനലിന്റെ ശേഷി, ഏപ്രൺ, ഇതര സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, റൺവേയുടെ ദൈർഘ്യം 4000 മീറ്ററാക്കി ഉയർത്തൽ എന്നിവയാണ് വിഭാവനം ചെയ്തിരിക്കുന്നത്. റൺവേ 4000 മീറ്ററാക്കാനുള്ള പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിലൂടെ നടത്തിയിട്ടുണ്ട്.

ഈ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി ഒന്നും രണ്ടും ഘട്ടങ്ങളിലായി ഏറ്റെടുക്കുകയുണ്ടായി. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി ഏറ്റെടുക്കാനുണ്ടായിരുന്ന 785 ഏക്കർ ഭൂമിയിൽ 612.12 ഏക്കർ ഏറ്റെടുത്തുകഴിഞ്ഞു. അവശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിലാണ്.

റൺവേ നിർമ്മാണത്തിനുവേണ്ടി അടിയന്തിരമായി 10.25 ഏക്കർ ഭൂമി KIAL നേരിട്ട് ഏറ്റെടുത്തു. എമർജൻസി റോഡിനുവേണ്ടി 40 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു. റൺവേയുടെ ദൈർഘ്യം 3050 മീറ്ററിൽ നിന്നും 3400-ഉം തുടർന്ന് 4000 മീറ്ററും ആയി വർദ്ധിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. എ. കെ. ആന്റണി പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 2014 ഫെബ്രുവരി 2-ന് മട്ടന്നൂർ നിവാസികളെ സാക്ഷിയാക്കി നിർവ്വഹിച്ചു ടെർമിനൽ ബിൽഡിംഗിന്റെ നിർമ്മാണ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 2014 ജൂലൈ 5-ന് നിർവ്വഹിച്ചു. KIAL പ്രോജക്ട് ഓഫീസ് 2012 ഡിസംബർ 6-ന് മട്ടന്നൂരിൽ പ്രവർത്തം തുടങ്ങി. വിമാനത്താവളത്തിലെ ഗ്രീൻ ബെൽറ്റ് പ്രോഗ്രാം 2013 ഓഗസ്റ്റ് 20-നും ഉദ്ഘാടനം ചെയ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

റൺവേ, ടാക്സിവേ, ഏപ്രൺ എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 694 കോടി രൂപയുടെ പദ്ധതിയായി വിഭാവനം ചെയ്തിരിക്കുന്നു. എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവേ, എയർസൈഡ് പ്രവർത്തനങ്ങൾക്കുള്ള കരാർ സുതാര്യമായ ടെണ്ടർ നടപടികളിലൂടെ 25-11-2013-നും ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗ്, എ.ടി.സി.ടവർ, ടെക്നിക്കൽ ബിൽഡിംഗ്, ഇ.ആന്റ്.എം. ഉപകരണങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികളുടെ 498.70 കോടി രൂപയ്ക്കുള്ള കരാർ 25-8-2014-നും ലാർസൺ & ടൂബ്രോ കമ്പനിക്ക് നൽകി. ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തികളും അവാർഡ് ചെയ്തുകഴിഞ്ഞു.

കണ്ണൂർ വിമാനത്താവള കമ്പനിയുടെ ഓഹരി ഘടന ചുവടെ ചേർക്കുന്നു:

സംസ്ഥാന സർക്കാർ	-	35%
പൊതുമേഖലാ സ്ഥാപനങ്ങൾ	-	25%
എയർപോർട്ട് പി.എസ്.യു	-	10%
സ്വകാര്യ പങ്കാളിത്തം	-	30%
ആകെ		100

കണ്ണൂർ എയർപോർട്ടിന്റെ ഓഹരി മൂലധനമായി 1000 കോടി രൂപയുടെ സമാഹരണത്തിനായി 4-4-2014-ലാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത്. കാനറാ ബാങ്ക് നയിക്കുന്നതും ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവ പങ്കാളികളുമായ ബാങ്ക് കൺസോർഷ്യത്തിൽനിന്നും വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ധാരണാപത്രം 21-5-2015-ന് ഒപ്പുവച്ചു. ബി.പി.സി.എൽ.-മായി 170 കോടി രൂപയുടെ ഇക്വിറ്റി പാർട്ടിസിപ്പേഷനുള്ള ധാരണാപത്രം 2012 ജൂലൈ 24-നും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപയ്ക്കുള്ള ധാരണാപത്രം 24-6-2015-നും, മെറ്റീരിയോളജിക്കൽ സർവ്വീസിനുവേണ്ടി മെറ്റീരിയോളജിക്കൽ വകുപ്പുമായി ധാരണാപത്രം 2014 സെപ്തംബർ 17-നും ഒപ്പുവച്ചു. എ.ടി.എഫ്. എയർക്രാഫ്റ്റ് ഫ്യുവൽ-ഫാം നടത്തുന്നതിനായി BPCL-KIAL Private Limited എന്ന ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചു പ്രവർത്തിക്കുന്നു.

2014-15-ൽ സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നുമായി യാത്ര ചെയ്തവരുടെ എണ്ണം 1.30 കോടിയാണ്. പാസഞ്ചർ ട്രാഫിക്കിൽ 8.6% വളർച്ചയാണ് ഡി.ജി.സി.എ. കണക്കാക്കിയിരിക്കുന്നത്. ഈ വസ്തുതകൾ കണ്ണൂർ വിമാനത്താവളത്തിന്റെ ഭാവിയെക്കുറിച്ച് നമുക്ക് ശുഭപ്രതീക്ഷ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം 2016 സെപ്റ്റംബറിൽ ആരംഭിക്കും.

യു.ഡി.എഫ്. സർക്കാർ 5 വർഷങ്ങൾക്കുമുമ്പ് ജനങ്ങൾക്ക് നൽകിയ ഒരു വാഗ്ദാനം കൂടി ഇതോടെ യാഥാർത്ഥ്യമാവുകയാണ്. ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിരന്തരമായ മാർഗ്ഗ നിർദ്ദേശവും മേൽനോട്ടവും കൊണ്ടാണ് ഈ സ്വപ്നപദ്ധതി യാഥാർത്ഥ്യമാകുന്നത്.

മലബാറിന്റെ സ്വപ്നം പ്രവർത്തിപഥത്തിലെത്തിക്കുവാൻ എനിക്കുമുമ്പേ പ്രയത്നിച്ച ഭരണാധിപന്മാരുടെ സേവനത്തെ ഈ അവസരത്തിൽ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ഈ ബൃഹത് സംരംഭത്തിന്റെ വിവിധ ഘട്ടങ്ങളിൽ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുകയും നിർലോഭമായ സഹായ സഹകരണങ്ങൾ നൽകിയ മന്ത്രിസഭയിലെ എന്റെ സഹപ്രവർത്തകർ, ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിമാർ, എം.പി.മാർ, നിയമസഭാ സാമാജികർ, ബഹുജനസംഘടനാ ഭാരവാഹികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ, മാദ്ധ്യമ പ്രവർത്തകർ, ഓഹരി ഉടമകൾ, സർവ്വോപരി കിടപ്പാടത്തിൽനിന്ന് ഒഴിയേണ്ടിവന്നവരും അല്ലാത്തവരുമായ കണ്ണൂർ/മട്ടന്നൂർ നിവാസികൾ എന്നിവരോടുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

IX സ്റ്റാറ്റ്യൂട്ടറി പ്രമേയം

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭാരതത്തിന്റെ ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡിക പ്രകാരം കേരള നിയമസഭ എംപ്ലോയ്മെന്റ് ഓഫ് മാന്വൽ സ്കാവഞ്ചേഴ്സ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് ഡ്രൈ ലാട്രിൻസ് (പ്രൊഹിബിഷൻ) ആക്ട് 1993 എന്ന കേന്ദ്ര നിയമം 22-7-2002 മുതൽ ഒരു പ്രമേയത്തിലൂടെ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ളതിനാലും;

2013-ലെ പ്രൊഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് മാന്വൽ സ്കാവഞ്ചേഴ്സ് ആന്റ് ദെയർ റീഹാബിലിറ്റേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കുകയും, 2013 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസ്തുത നിയമത്തിന് രാഷ്ട്രപതി അനുമതി നൽകുകയും, 2013 ഡിസംബർ മാസം 6-ാം തീയതി മുതൽ പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാലും;

1993-ലെ പഴയ നിയമത്തിലെ എല്ലാ വ്യവസ്ഥകളും പുതിയ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 1993-ലെ നിയമത്തിന് നിലവിൽ പ്രസക്തിയില്ലാതായതിനാൽ പ്രസ്തുത നിയമം പിൻവലിക്കേണ്ടതാണെന്ന് ഈ നിയമസഭ കരുതുന്നതിനാലും;

LIBRARY ARCHIVES Kerala Legislative Assembly